LIBRARY ARCHIVES Kerala Legislative Assembly

(13) ഇടുക്കി ലോവർ പെരിയാർ പ്രോജക്ട്

ശ്രീ. ജോസ് കുറ്റ്യാനി : സർ, ഇടുക്കി നിയോജകമണ്ഡലത്തിൽപ്പെട്ട ലോവർ പെരിയാർ പ്രോജക്ടിന്റെ പണി ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്. ആ പണി ഇന്ന് സ്തംഭനാവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അവിടെ നേരത്തെ തൊഴിൽ തർക്കം ഉണ്ടായപ്പോഴും സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് അഡ്ജൂഡിക്കേഷന് വിട്ടിട്ടുള്ളതാണ്. ആഡിറ്റ് നമ്പർ 4-ന്റെ പണി ശ്രീധരൻ എന്നു പറയുന്ന ഒരു കോൺട്രാക്ടർക്ക് ഇപ്പോഴും പീസ്വർക്കായിട്ട് കൊടുത്തിരിക്കുകയാണ്. അദ്ദേഹത്തിന് ഇടമലയാറിൽ നിന്ന് മിൻറ് കള്ളക്കടത്ത് നടത്തിയതിന് തൃശ്ശൂരിലെ സാമ്പത്തിക കുറ്റാന്വേഷണ ജഡ്ജി മൂന്ന് മാസത്തെ തടവും ആയിരം രൂപ പിഴയും ശിക്ഷ നൽകി. അദ്ദേഹത്തിന് കോൺട്രാക്ട് കൊടുത്തതിന്റെ ഫലമായി അവിടെ നിന്ന് നേരത്തെ പിരിച്ചുവിടപ്പെട്ട, ആ പരിസരത്തുള്ള തൊഴിലാളികൾക്ക് ജോലി നിഷേധിച്ചിരിക്കുകയാണ്. അവിടെ പണി സ്തംഭനാവസ്ഥയിലാണ്. ഇടുക്കി ആർ.ഡി.ഒ. ഇടപെട്ട് ആ പണി താൽക്കാലികമായി നിർത്തി വയ്ക്കാൻ നടപടികൾ സ്വീകരിച്ചിരുന്നു. ബന്ധപ്പെട്ട ആരുടേയോ സമ്മർദ്ദത്തിന്റെ ഫലമായി ഇന്ന് അതിന്റെ പണി പുനരാരംഭിച്ചു. അതിന്റെ പരിസരത്തുള്ളയാളുകൾക്കും മറ്റാളുകൾക്കും തൊഴിൽ നിഷേധിച്ചിരിക്കുന്നതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി ഇതിൽ ഇടപെട്ട് ആ പരിസര തൊഴിലാളികൾക്കും പിരിച്ചുവിടപ്പെട്ട തൊഴിലാളികൾക്കും ജോലി ലഭിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ജില്ലയിൽ പുതിയ ജോലിയുണ്ടാകുമ്പോൾ പരിസരവാസികൾക്ക് ജോലി ലഭിക്കണമെന്ന ഒരു ഡിമാൻറാണിത്. ധാർമ്മികമായി അത് ശരിയാണെങ്കിലും എന്തുമാത്രം ചെയ്യാമെന്നുള്ളത് പരിശോധിക്കുന്നതാണ്. അവിടത്തെ ആളുകളുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി, ആ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(14) എടത്തനാട്ടുകര എൻ. എസ്. എസ്. എസ്റ്റേറ്റിലെ തൊഴിൽ സമരം

ശ്രീ. പി. കുമാരൻ : സർ, മണ്ണാർക്കാട് താലൂക്കിലെ എടത്തനാട്ടുകര പഞ്ചായത്തിലെ എൻ. എസ്./ എസ്. എസ്റ്റേറ്റിൽ പത്തുമാസമായി തൊഴിലാളി സമരം നടന്നുകൊണ്ടിരിക്കുകയാണ്. ആയിരത്തിലേറെ ഏക്കർ വിസ്തീർണ്ണമുള്ളതാണ് ആ പ്ലാന്റേഷൻ. 105 തൊഴിലാളി കുടുംബങ്ങൾ ഇന്ന് സമരം മൂലം പട്ടിണിയിലാണ്. 12,000 റബ്ബർ മരങ്ങൾ ടാപ്പ് ചെയ്യാനാവാതെ ദേശീയ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. ആ പ്രദേശത്ത് തൊഴിലാളി സമരം മൂലം സംഭവിച്ചിരിക്കുന്ന ഗുരുതരമായ അവസ്ഥയ്ക്ക് പരിഹാരം കാണാൻ ഒറ്റപ്പാലം സബ് കളക്ടറും ലേബർ ഡിപ്പാർട്ട്മെൻറും ഇടപെട്ടിട്ടും മാനേജ്മെൻറ് വളരെ വാശിയോടുകൂടി തൊഴിലാളികളെ പിരിച്ചുവിടുന്നതിന് തയ്യാറായ ഒരു വിചിത്ര സമീപനമാണ് സ്വീകരിക്കുന്നത്. ഗവൺമെൻറ് അടിയന്തിരമായി ഇടപെട്ട് ആ സമരം അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഈ എസ്റ്റേറ്റിൽ റീ-പ്ലാന്റേഷൻ നടത്തുന്നുവെന്ന് പറഞ്ഞ് മാനേജ്മെൻറ്